(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ശബ്ദ മലിനീകരണം നിയന്ത്രിക്കുന്നതിന് കർക്കശമായ നിലപാട് സംസ്ഥാനത്ത് സ്വീകരിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ശബ്ദ മലിനീകരണം കാര്യക്ഷമമായി നിയന്ത്രിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 5.10.'99-ലെ 682(ഇ) നമ്പരിലുള്ള വിജ്ഞാനപ്രകാരം 125 d B (A) യിൽ കവിഞ്ഞ ശബ്ദം ഉണ്ടാക്കുന്ന പടക്കങ്ങൾ നിർമ്മിക്കുന്നതും വിൽക്കുന്നതും ഉപയോഗിക്കുന്നതും കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം നിരോധിച്ചിരിക്കുന്നു. കൂട്ടിക്കെട്ടിയ പടക്കങ്ങൾ മാലപടക്കങ്ങൾ തുടങ്ങിയവയുടെ കാര്യത്തിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പടക്കങ്ങളുടെ വിപണനത്തിലും ഉപയോഗത്തിലും പടക്കങ്ങൾക്കുള്ള കേന്ദ്ര വിജ്ഞാപന പ്രകാരമുള്ള നിയന്ത്രണങ്ങൾ നടപ്പിലാക്കാനുള്ള ചുമതല കേന്ദ്ര ഗവണ്മെന്റിലെ എക്സ്പ്ലോസീവ് ഡിപ്പാർട്ട്മെന്റിനാണ്. എങ്കിലും മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും ദീപാവലി ആഘോഷ കാലത്ത് പടക്കങ്ങൾ ഉപയോഗിക്കുന്നതിൽ മിതത്വം പാലിക്കാതെയും, ശബ്ദത്തിനല്ല, വെളിച്ചത്തിന് പ്രാധാന്യം നൽകുന്ന പടക്കങ്ങൾമാത്രം ഉപയോഗിക്കണമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി)&(ഡി) ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന് നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ശബ്ദമലിനീകരണം തടയാൻ ആവശ്യമായ നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചു വരുന്നു. ഉച്ചഭാഷിണിമൂലമുള്ള ശബ്ദമലിനീകരണം തടയാനുള്ള ചുമതല പോലീസിനാണ്. മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള ശബ്ദമലിനീകരണ നിയന്ത്രണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നത് മോട്ടോർ വാഹന വകുപ്പുമാണ്.

ഖരമാലിന്യ നിർമ്മാർജ്ജനം

194(905)ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണ കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലെ അപാകതകൾ മൂലം സംസ്ഥാനം കടുത്ത പരിസ്ഥിതി പ്രശ്നങ്ങളെ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും ഓരോ ജില്ലയിലും ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും അറിയിക്കുമോ;

(സി) ഖരമാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിലെ അപാകതയെപ്പറ്റി പഠിക്കാൻ സുപ്രീംകോടതി ശ്രീ. ആസിംബർമാൻ ചെയർമാനായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ സംസ്ഥാന ഗവണ്മെന്റിനോട് അഭിപ്രായമറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാന ഗവണ്മെന്റ് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയെന്നും അവ ഏതൊക്കെ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഖരമാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ അശാസ്ത്രീയമായി നിക്ഷേപിക്കുന്നതുമൂലം ജലം, വായു മലിനീകരണപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. 1994 ലെ കേരള മുനിസിപ്പൽ നിയമം അനുസരിച്ച് ചപ്പുചവറുകൾ ശേഖരിച്ച്, സംസ്ക്കരിച്ച് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യാനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകളിൽ ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് കംപോസിറ്റിംഗ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ വിവിധ ഘട്ടത്തിലാണ്.

(സി) ശ്രീ. ആസിംബർമാൻ ചെയർമാനായി സുപ്രീംകോടതി നിയോഗിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് സംസ്ഥാന ഗവണ്മെന്റുകൾക്ക് അയയ്ക്കുകയും മുനിസിപ്പൽ കോർപ്പറേഷനുകളുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച് റിപ്പോർട്ട് ചെയ്യാണമെന്ന് കോടതി ഉത്തരവാകുകയും ചെയ്തു. ആയതു പ്രകാരം സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ സുപ്രീംകോടതിയെ അറിയിച്ചിട്ടുള്ളത് അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.†

പാഴ്ജലം ശുദ്ധീകരിക്കുന്നതിന് നടപടി

195(906)ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ എസ്റ്റേറ്റ് ഫാക്ടറിയിൽ നിന്നും പുറത്തുവിടുന്ന പാഴ്ജലം ശുദ്ധീകരിക്കുന്നതിന് തൃപ്തികരമായ സംവിധാനം കമ്പനി ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡ് റിപ്പോർട്ട് ചെയ്തതിനുശേഷവും ഫാക്ടറിയിൽ നിന്നും പുറത്തുവിടുന്ന വെള്ളത്തിൽ കുളിക്കുന്നവരുടെ ശരീരം ചൊറിഞ്ഞുതടിക്കുന്നതായി നാട്ടുകാരുടെ വ്യാപകമായ പരാതി ഉണ്ടായിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മറ്റൊരേജൻസിയെ ഉപയോഗിച്ച് മലിനീകരണപ്രശ്നങ്ങൾ പരിശോധിക്കുന്നതിന് തയ്യാറാകുമോ;

(ബി) മലിനീകരണ നിയന്ത്രണ നിയമങ്ങൾ ലംഘിച്ചിരിക്കുന്ന ഫാക്ടറി അടച്ചു പൂട്ടുവാൻ എന്തെങ്കിലും നിയമ തടസ്സമുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly